# ജമാഅത്തെ ഇസ്‌ലാമിന ദേശീയ ശൂറാ പ്രമേയങ്ങൾ

**ദൽഹി** കേന്ദ്ര ആസ്ഥാനത്ത് ചേർന്ന ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ പഞ്ചദിന ദേശീയ ശൂറാ യോഗം താഴെ കാണുന്ന പ്രമേയങ്ങൾ അംഗീകരിച്ചു.

## 1. വിലക്കയറ്റം

അവശ്യ വസ്തുക്കളുടെ വിലക്കയറ്റം ആശങ്കാജനകമാണ്. സർക്കാറിന്റെ തെറ്റായ സാമ്പത്തിക നയങ്ങളും അർധമനസ്സോടെയുള്ള നടപടികളുമാണ് വിലക്കയറ്റം ഇത്രയും രൂക്ഷമാക്കിയത്. മുതലാളിത്ത സാമ്രാജ്യത്വം, ഊഹക്കച്ചവടം എന്നിവയുടെ സ്വാധീനം ഇതിനെ ത്വരിതപ്പെടുത്തുന്നു.

ജനക്ഷേമ താൽപര്യങ്ങൾ മുൻനിർത്തിക്കൊണ്ട് സാമ്പത്തിക നയങ്ങൾ പുനപരിശോധിക്കാൻ സർക്കാർ തയാറാകണം. ബഹുരാഷ്ട്ര കുത്തകകൾക്കും ലോകബാങ്കിനും ഐ.എം.എഫിനും രാജ്യത്തെ തീറെഴുതരുത്. പൊതുസ്വത്തിന്റെ ദുർവിനിയോഗം ശക്തമായി നിയന്ത്രിക്കപ്പെടണം. വിലക്കയറ്റത്തിന് കാരണമാകുന്ന എല്ലാ നികുതികളും വെട്ടിക്കുറക്കണം. വിലക്കയറ്റത്തെ വേണ്ടവിധം നിയന്ത്രിച്ചില്ലെങ്കിൽ രാജ്യത്ത് ആഭ്യന്തര അസ്വസ്ഥതകൾ രൂപപ്പെട്ടേക്കുമെന്നും യോഗം മുന്നറിയിപ്പ് നൽകി.

## 2. വനിതാ ബിൽ

രാജ്യസഭ പാസാക്കിയ രൂപത്തിൽ ബിൽ അസ്വീകാര്യമാണ്. നിലവിലെ രൂപത്തിൽ ബിൽ നടപ്പാക്കിയാൽ തങ്ങളുടെ പ്രാതിനിധ്യം വീണ്ടും കുറയുമെന്ന പിന്നാക്ക-മുസ്‌ലിം വിഭാഗങ്ങളുടെ ആശങ്ക അസ്ഥാനത്തല്ല. ഈ വിഭാഗങ്ങൾക്ക് ഉപസംവരണം ഏർപ്പെടുത്തിക്കൊണ്ട് വനിതാ സംവരണം നടപ്പാക്കുന്നതിനെ ജ.ഇ പിന്തുണക്കുന്നു.

## 3. നക്സലിസം

നക്സലുകളും സർക്കാർ സേനയും നിരന്തര ഏറ്റുമുട്ടലുകളിലേക്ക് നയിക്കപ്പെടുന്നത് ഗുരുതരമായ അവസ്ഥയാണ്. ഓപ്പറേഷൻ ഗ്രീൻഹണ്ട്, സൽവാജുദൂം തുടങ്ങിയ മാർഗങ്ങളിലൂടെ നക്സലിസത്തെ നേരിടുന്നതിനു പകരം യഥാർഥ പ്രശ്നത്തെ അഭിമുഖീകരിക്കാനാണ് സർക്കാർ തയാറാവേണ്ടത്. വിദേശ കമ്പനികളുടെ വലിയ തോതിലുള്ള പ്രവർത്തനങ്ങൾ പ്രത്യേക സാമ്പത്തിക മേഖലകൾ, ആദിവാസികളുടെ ഭൂമിക്കു മേലുള്ള കൈയേറ്റം എന്നിവയാണ് ജനങ്ങളുടെ ആശങ്കകൾക്ക് കാരണമാവുന്നത്. അതിനാൽ ആദിവാസികളുടെ ആശങ്കകൾ നീക്കാൻ സർക്കാർ നടപടികളെടുക്കണം, വിദേശ കമ്പനികളുമായി ഒപ്പുവെച്ച ധാരണാ പത്രങ്ങൾ പരസ്യപ്പെടുത്തണം, ജനങ്ങൾക്ക് ഭൂമിക്ക് മേലുള്ള അധികാരം അംഗീകരിക്കണം, സൽവാജുദൂം പോലുള്ള മനുഷ്യാവകാശം ചവിട്ടി മെതിക്കുന്ന സേനകളെ പിൻവലിക്കണം, മനുഷ്യാവകാശ സംഘടനകളെ ഇത്തരം മേഖലകളിൽ പ്രവർത്തിക്കാൻ അനുവദിക്കണം. അക്രമം വെടിയാൻ നക്സലുകൾ തയാറാവണം. പരസ്പര സംഭാഷണമടക്കമുള്ള ജനകീയ സമരമുറകളിലേക്ക് വരാൻ അവർ തയാറാകണം.

## 4. രംഗ്നാഥ മിശ്ര കമീഷൻ

മുസ്‌ലിം-ന്യൂനപക്ഷ സംവരണം ശിപാർശ ചെയ്യുന്ന രംഗ്നാഥ മിശ്ര കമീഷന്റെ ശിപാർശകൾ നടപ്പാക്കണം. ഒ.ബി.സി ക്വാട്ടക്കകത്ത് ഉപസംവരണം ഏർപ്പെടുത്താനുള്ള നീക്കം സ്വീകാര്യമല്ല.

## 5. വംശീയ കലാപ ബിൽ

നിലവിലുള്ള രൂപത്തിൽ ബിൽ അപൂർണവും അസ്വീകാര്യവുമാണ്. നിയന്ത്രണങ്ങളില്ലാതെ പോലീസിന് അമിതാധികാരം നൽകുന്നത് ദോഷമേ ചെയ്യൂ. ന്യൂനപക്ഷങ്ങളോട് ചർച്ച ചെയ്ത ശേഷം ബിൽ

പുനഃപരിശോധിക്കണം. പോലീസിനെ കൂടുതൽ ഉത്തരവാദിത്വ ബോധമുള്ളതാക്കണം. കലാപങ്ങൾ നിയന്ത്രിക്കാൻ കഴിയാത്ത സർക്കാറുകളെ ശിക്ഷിക്കണം, നഷ്ടപരിഹാരം കൃത്യമായി വിതരണം ചെയ്യണം. എല്ലാ വിഭാഗങ്ങൾക്കും പ്രാതിനിധ്യമുള്ള വിധം കലാപവിരുദ്ധ സേന രൂപവത്കരിക്കണം.

### 6. രാജ്യസുരക്ഷ

രാജ്യസുരക്ഷയെക്കുറിച്ച സർക്കാർ വാദങ്ങൾ അസ്ഥാനത്താണ്. അമേരിക്കയുടെയും ഇസ്രയേലിന്റെയും ഉപദേശങ്ങൾ സ്വീകരിച്ചുകൊണ്ട് സർക്കാർ സ്വന്തം ജനതയെ അവിശ്വസിക്കുകയും പീഡിപ്പിക്കുകയുമാണ്. ഇതിനുവേണ്ടി നികുതിപ്പണം ചെലവഴിക്കുന്നത് ഗുരുതരമായ തെറ്റാണ്. വിദേശ ഏജൻസികളിൽ അമിതമായി വിശ്വസിക്കുന്നതിനു പകരം ജനങ്ങളെ വിശ്വാസത്തിലെടുക്കുകയും സംവിധാനങ്ങൾ കുറ്റമറ്റതാക്കാൻ ശ്രമിക്കുകയുമാണ് സർക്കാർ ചെയ്യേണ്ടത്.

### 7. ഇന്ത്യാ-പാക് ബന്ധം

ഇരു അയൽരാജ്യങ്ങൾ തമ്മിലുള്ള ബന്ധം വഷളായിക്കൊണ്ടിരിക്കുകയാണ്. ഇരു രാജ്യങ്ങളിലും ഒരർഥത്തിൽ സമാനമായ സാഹചര്യമാണ് നിലനിൽക്കുന്നത്. ഇരു രാജ്യങ്ങളിലെയും ഉദ്യോഗസ്ഥരും പൗരപ്രമുഖരും മുൻകൈയെടുത്തു സമാധാനം പുനഃസ്ഥാപിക്കണം.

### 8. ഇറാനെതിരായ ഉപരോധം

സമാധാനപരമായ ആവശ്യങ്ങൾക്കാണ് തങ്ങളുടെ ആണവ പദ്ധതികൾ എന്ന് ഇറാൻ ആവർത്തിച്ച് വ്യക്തമാക്കിയിട്ടും ആ രാജ്യത്തിനെതിരെ ഉപരോധ ശ്രമവുമായി അമേരിക്ക മുന്നേറുന്നത് കാപട്യമാണ്. ഇന്ത്യയിൽ നിന്നടക്കം 60 രാഷ്ട്ര പ്രതിനിധികൾ പങ്കെടുത്ത തെഹ്റാൻ കോൺഫറൻസിലും ഇക്കാര്യം വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ഇറാനെതിരെ സായുധ നീക്കം അരുതെന്നും സംഭാഷണങ്ങളാണ് പരിഹാരമാർഗമെന്നും ഇന്ത്യയടക്കമുള്ള പല രാഷ്ട്രങ്ങളും പ്രസ്തുത സമ്മേളനത്തിൽ അഭിപ്രായപ്പെട്ടത് സ്വാഗതാർഹമാണ്. ഭീകരവേട്ടയുടെ പേരിൽ മുസ്‌ലിം രാജ്യങ്ങളെ ഉന്നമിടുന്ന അമേരിക്കൻ നയം അപലപനീയമാണ്. ഉപരോധശ്രമത്തിൽനിന്ന് അമേരിക്കയെ പിന്തിരിപ്പിക്കാൻ ഇന്ത്യ മുൻകൈയെടുക്കണം.

### 9. ഫലസ്ത്വീൻ

ജറുസലേമിലും പരിസരപ്രദേശങ്ങളിലുമുള്ള ജൂത കുടിയേറ്റം അപലപനീയമാണ്. അമേരിക്കയും കൂട്ടാളികളുമാണ് ഇതിന് കളമൊരുക്കുന്നത്. ഹമാസ് നേതാവിന്റെ കൊലപാതകം പോലും അമേരിക്ക അവഗണിക്കുകയായിരുന്നു. ഇസ്രയേൽ ക്രൂരതകൾക്കെതിരെ ഇന്ത്യയിലെ പൊതുജനങ്ങൾ ഒന്നിക്കണം. ഫലസ്ത്വീന് സഹായം നൽകാൻ അറബ് രാഷ്ട്രങ്ങൾ തയാറാവണം. ഗസ്സ അധിനിവേശം അവസാനിക്കണം. മനുഷ്യത്വപരമായ സേവനങ്ങൾക്ക് തങ്ങളുടെ അതിർത്തി തുറന്നു കൊടുക്കാൻ ഈജിപ്ത് തയാറാവണം.

## ബംഗാളിൽ എസ്.ഐ.ഒവിന്റെ ഉജ്വല പ്രക്ഷോഭങ്ങൾ

**സർക്കാർ** എയ്ഡഡ്-അംഗീകൃത മദ്റസകളിൽ കോഴ വാങ്ങി അധ്യാപകരെ നിയമിച്ച ബംഗാൾ മദ്റസ സർവീസ് കമീഷൻ ചെയർമാൻ അൻവർ ഹുസൈനെ പുറത്താക്കണമെന്നാവശ്യപ്പെട്ട് എസ്.ഐ.ഒ ബംഗാൾ ഘടകം പ്രക്ഷോഭം ആരംഭിച്ചു.

സംസ്ഥാന സർക്കാറിന്റെ പ്രധാന ഓഫീസ് കെട്ടിടങ്ങൾ നിലകൊള്ളുന്ന കൊൽക്കത്തയിലെ വികാസ് ഭവനിലേക്ക് എസ്.ഐ.ഒ പ്രവർത്തകർ കൂറ്റൻ പ്രതിഷേധറാലി നടത്തി. പ്രശ്നം സി.ബി.ഐയെക്കൊണ്ട് അന്വേഷിപ്പിക്കുക, ചെയർമാൻ അൻവർ ഹുസൈനെ പുറത്താക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് എസ്.ഐ.ഒ നേതാക്കൾ പ്രതിപക്ഷ നേതാവ് പാർതോ ചാറ്റർജിയെ സന്ദർശിച്ച് ചർച്ച നടത്തി. ഉടൻ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭം തുടരുമെന്ന് എസ്.ഐ.ഒ ബംഗാൾ സംസ്ഥാന പ്രസിഡന്റ് സർവർ ഹസൻ അറിയിച്ചു.

ബംഗാളിൽ മുസ്‌ലിം വിദ്യാർഥികൾക്ക് വിദ്യാഭ്യാസത്തിലും തൊഴിലിലും 20 ശതമാനം സംവരണം നടപ്പാക്കണമെന്നാവശ്യപ്പെട്ട് എസ്.ഐ.ഒ ദശദിന കാമ്പയിൻ നടത്തുന്നുണ്ട്. രംഗ്നാഥ മിശ്ര കമീഷൻ ശിപാർശകൾ നടപ്പാക്കുക, ജാതിവ്യത്യാസങ്ങൾ പരിഗണിക്കാതെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുഴുവൻ മുസ്‌ലിംകൾക്കും സംവരണം തുടങ്ങിയ ആവശ്യങ്ങളാണ് എസ്.ഐ.ഒ ഉയർത്തുന്നത്.

**അബ്ബാദ്**